ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 29 മാസക്കാ തൊഴിലില്ലായ്മ വേതന വിതരണത്തിനായി 83,05,91,321 രൂപ (എൺപത്തിമൂന്ന് കോടി അഞ്ച് ലക്ഷത്തി തൊണ്ണൂറ്റൊന്നായിരത്തി മൂന്നൂറ്റി ഇരുപത്തിയൊന്ന് രൂപ) വിതരണം ചെയ്തിട്ടുണ്ട്.

(ബി) തൊഴിലുറപ്പ് പദ്ധതി വ്യാപകമായ സാഹചര്യത്തിൽ തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവരുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്.

(സി) ഉണ്ട്. 1998-ലെ കേരള തൊഴിൽരഹിത വേതന പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങളിലെ ജി.ഒ.(പി) 23/98/തൊഴിൽ തീയതി 28-5-1998-ലെ ചട്ടം 3 (ii) പ്രകാരം പ്രതിമാസം 500 രൂപയിൽ കൂടുതൽ വരുമാനമുള്ള തൊഴിൽ ലഭിക്കുകയാണെങ്കിൽ തൊഴിൽരഹിത വേതന പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹനല്ലാതാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

15-2-2009-ലെ ജി.ഒ.(പി) നമ്പർ 169/2009/തൊഴിൽ പ്രകാരം തൊഴിൽരഹിതവേതനം കൈപ്പറ്റിക്കൊണ്ടിരിക്കുന്ന ഒരാൾ 35 വയസ്സ് പൂർത്തിയാകുകയോ രജിസ്ട്രേഷൻ ലാപ്സാകുകയോ തൊഴിൽ പദ്ധതിപ്രകാരം സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം ലഭിക്കുകയോ NREG Act പ്രകാരമുള്ള തൊഴിൽ ലഭിച്ചതുമൂലം വ്യക്തിഗത കുടുംബവരുമാനം പരിധിയിലധികമാവുകയോ ആണെങ്കിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വേതന വിതരണം നിർത്തൽ ചെയ്യേണ്ടതും വിവരം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വേതന വിതരണം നടത്തുന്ന സമയത്ത് പരിശോധിച്ച് അനർഹരായവരെ ഒഴിവാക്കാറുണ്ട്.

അൺഎയ്ഡഡ് സ്കൂൾ മേഖലയിലെ ചൂഷണം

147 (8207) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) അൺ എയ്ഡഡ് സ്കൂൾടീച്ചർമാരേയും, ജീവനക്കാരേയും ലേബർ ആഫീസുകളിൽ രജിസ്റ്റർ ചെയ്യുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ദിവസക്കൂലി തൊഴിലാളികളുടെ നാലിൽ ഒന്ന് വരുമാനം പോലും ഇല്ലാത്ത പ്രസ്തുത ജീവനക്കാരെ തൊഴിലാളികളായി പരിഗണിക്കാൻ കഴിയുമോ ;

(ഡി) അവരുടെ തൊഴിൽ ചൂഷണം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) അൺ എയ്ഡഡ് സ്കൂളുകൾ 1960-ലെ Kerala Shops & Commercial Establishment Act-ലെ ഷോപ്പ് അല്ലെങ്കിൽ വാണിജ്യ സ്ഥാപനം (Commercial Establishment) എന്ന നിർവ്വചനത്തിൽപ്പെടുന്നതല്ല എന്നതാണ് കാരണം.

(സി) അൺ എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്-ആക്ട് - 1947 പ്രകാരം 'വർക്ക്മെൻ' എന്ന നിർവ്വചനത്തിലോ മിനിമം വേജസ് ആക്ട്, 1948 സെക്ഷൻ (2) പ്രകാരം 'എംപ്ലോയി ' എന്നതിന്റെ നിർവ്വചനത്തിലോ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ടി ജീവനക്കാരെ 'തൊഴിലാളികൾ' ആയി പരിഗണിക്കാൻ കഴിയില്ല. എന്നാൽ അനദ്ധ്യാപക ജീവനക്കാരുടെ പരാതികളിൽ തൊഴിൽ വകുപ്പ് പരിഹാരം കാണാറുണ്ട്. അനദ്ധ്യാപകർക്ക് നൽകേണ്ടതായ മിനിമം വേതനത്തെ സംബന്ധിച്ച് 12-9-2011-ലെ G.O(P)No. 155/2011/LBR സർക്കാർ ഉത്തരവിലൂടെ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് മിനിമം വേതനം നടപ്പിലാക്കുന്നതിനായി 'The Kerala payment of Minimum Wages to Teachers of Unaided Educational Institutions Bill 2014'-ന്റെ സാധുത സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ പരാതികൾ ലഭിക്കുന്ന സ്കൂളുകളിൽ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തുകയും അനദ്ധ്യാപകരുടെ മിനിമം വേതനം, അവധി, ജോലി, സുരക്ഷ മുതലായവ നൽകുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുള്ള സ്ഥാപന മാനേജ്മെന്റുകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

അന്യ സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് യു.ഐ.ഡി. കാർഡുകൾ

148 (8208) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കേരളത്തിൽ പണിയെടുക്കുന്ന അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് യു.ഐ.ഡി. കാർഡുകൾ നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly